ഭൂകമ്പങ്ങൾ മുൻകൂട്ടി അറിയുന്നതിന് സംവിധാനം

70 (883) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്ത് എവിടെയെല്ലാം ഭൂമികുലുക്കമുണ്ടായി ;

(ബി) ഈ ഭൂമികുലുക്കങ്ങളിൽ ഏതെല്ലാം ജില്ലകളിൽ എത്രമാത്രം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭൂകമ്പങ്ങൾ മുൻകൂട്ടി അറിയുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഈ സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതൽ എന്തെല്ലാം ;

(ഇ) ഇതേക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാം എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളുടെയും വിവിധ ഭാഗങ്ങളിൽ ഭൂമികുലുക്കം ഉണ്ടായിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഭൂകമ്പങ്ങൾ മുൻകൂട്ടി അറിയുന്നതിന് ഇപ്പോൾ സംവിധാനങ്ങളൊന്നും നിലവിലില്ല.

(ഡി) പൊതുജനങ്ങൾക്ക് ബോധവൽക്കരണത്തിനായി ലഘുലേഖകൾ അച്ചടിച്ചുവിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭൂകമ്പ പ്രതിരോധ ശേഷി ഉറപ്പു വരുത്തുന്ന വ്യവസ്ഥകൾ നടപ്പിലാക്കാനും, അത്യാവശ്യങ്ങളിൽ മെഡിക്കൽ ബൂത്തുകൾ മുതലായവ വഴി ചികിത്സ കൊടുക്കുവാനും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഭൂകമ്പത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ഭൂകമ്പത്തിന് മുമ്പും പിൻപും സ്വീകരിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ലഘുലേഖ പ്രസിദ്ധീകരിച്ച് അതിന്റെ 5 ലക്ഷം കോപ്പികൾ ലഭ്യമാക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും, കഴിയുന്ന മുൻകരുതലുകൾ സ്വീകരിക്കുവാനും

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരും മറ്റും പങ്കെടുക്കുന്ന ചർച്ചകളും ബോധന പരിപാടികളും വിവിധ സ്ഥലങ്ങളിൽ നടക്കുന്നുണ്ട്.

ഭൂചലനംകൊണ്ട് പട്ടികജാതി ഹൗസിംഗ് കോളനികൾക്കുണ്ടായ നഷ്ടങ്ങൾ

71 (884) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ അകലക്കുന്നം വില്ലേജിലെ കാളിയൻമല പട്ടികജാതി ഹൗസിംഗ് കോളനിയിലെ വീടുകൾക്ക് ഭൂചലനംകൊണ്ട് നാശവും ബലക്ഷയവും ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) എത്ര വീടുകൾക്ക് നാശനഷ്ടം ഉണ്ടായതായി കണ്ടെത്തി ;

(ഡി) ഈ വീടുകൾ ബലപ്പെടുത്തുവാനും വാസയോഗ്യമാക്കുവാനും എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷിച്ചിട്ടുണ്ട്.

(സി) 15 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) ഭൂകമ്പത്തിൽ കേടുപാടു സംഭവിച്ച വീടുകൾക്ക് മറ്റ് പ്രകൃതിക്ഷോഭത്തിൽ ഭവനനാശത്തിനു നൽകിവരുന്ന അതേ നിരക്കിൽ നഷ്ടപരിഹാരം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂചലനത്തിൽ കേടുപാട് സംഭവിച്ച കെട്ടിടങ്ങൾ പുതുക്കിപണിയുന്നതിന് നടപടി

72 (885) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവർത്തിക്കപ്പെട്ട ഭൂചലനങ്ങളിൽ ആകെ എത്ര വീടുകൾക്കും ആരാധനാലയങ്ങൾക്കും മറ്റു കെട്ടിടങ്ങൾക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വീടുകളും ആരാധനാലയങ്ങളും മറ്റു കെട്ടിടങ്ങളും പുതുക്കിപ്പണിയുവാൻ നഷ്ടപരിഹാരമിനത്തിലും ദുരിതാശ്വാസമിനത്തിലും തുക അനുവദിക്കുന്നതിനോടൊപ്പം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[27-2-01-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 70 (883)- ന്റെ ഉത്തരം കാണുക]

ജില്ല	ഭാഗികമായി നഷ്ടപ്പെട്ട വീടുകൾ	പൂർണ്ണമായി നഷ്ടപ്പെട്ട വീടുകൾ	ആകെ നഷ്ടം
തിരുവനന്തപുരം	85		4,17,280
പത്തനംതിട്ട	135		61,50,050
കൊല്ലം	2372		തിട്ടപ്പെടുത്തിയിട്ടില്ല
ആലപ്പുഴ	150		-
എറണാകുളം	60		തിട്ടപ്പെടുത്തിയിട്ടില്ല
കോട്ടയം	2173		43,78,966
ഇടുക്കി	തിട്ടപ്പെടുത്തിയിട്ടില്ല	1	3,50,000
തൃശ്ശൂർ	—		—
പാലക്കാട്	7		തിട്ടപ്പെടുത്തിയിട്ടില്ല
വയനാട്	ഇല്ല		ഇല്ല
കോഴിക്കോട്	ഇല്ല		ഇല്ല
മലപ്പുറം	63		തിട്ടപ്പെടുത്തിയിട്ടില്ല
കണ്ണൂർ	ഇല്ല		ഇല്ല
കാസർഗോഡ്	ഇല്ല		ഇല്ല

LIBRARY ARCHIVES Kerala Legislative Assembly